# കാൽപ്പാടുകൾ (നോവൽ)

കാരൂർ സോമൻ



## അധ്യായം: 21

# തളിർക്കിനാക്കൾ

മഴ നൂലിഴകളുടെ ഇരുമ്പങ്ങൾക്ക് തുടക്കത്തിനായെന്നപോലെ തണുത്ത കാറ്റു വീശുന്നുണ്ടായിരുന്നു. ചെറുതായി മഞ്ഞ് പൊഴിഞ്ഞുതുടങ്ങി. മരങ്ങൾക്ക് താഴെയും ഇരിപ്പിടങ്ങളിലുമിരുന്ന ഇണക്കുരുവികളൊക്കെ കൂടുപറ്റാൻ തിക്കിത്തിരക്കി. മഴ നനയാതിരിക്കാനുള്ള സംവിധാനങ്ങളില്ല പാർക്കിൽ. മഞ്ഞ് പെയ്യുന്നതിന് കട്ടി കൂടിവരുന്നു. ഒരു മഴയ്ക്കുള്ള വട്ടംകൂട്ടലുമുണ്ട്. ഏലിയാമ്മ സിബിന്റെ കൈപിടിച്ചു വീട്ടിലേക്കു നടന്നു. മോനിക്കയും ആനിയും പിറകെയും.

മഞ്ഞ് പൊടുന്നനെ പെട്ടെന്നു പെയ്തുതുടങ്ങി.

നടന്നു കയറുന്ന വഴികളിലേക്ക് ആനി പിൻതിരിഞ്ഞു നോക്കി. വഴികൾ വെളുത്ത പുതപ്പണിഞ്ഞുകിടക്കുന്നു. വീടിനുള്ളിൽ കയറി മോനിക്ക കടകടച്ചു. മഞ്ഞിന്റെ വെളുത്ത സൂചികൾ ശരീരത്തിലേക്കു കുത്തിക്കയറുന്നു. ആനി ജനാലക്കർട്ടൻമാറ്റി പുറത്തേക്കു നോക്കി. മഴ പെയ്തിട്ടില്ല. മഴപോലെ ആകാശത്തിന്റെ നീല ജാലകങ്ങൾ തുറന്ന് മഞ്ഞ് പെയ്യുന്നു. വെളുത്ത അപ്പൂപ്പൻ താടികൾ കാറ്റിലൊഴുകുന്നതുപോലെ മഞ്ഞിന്റെ തിളങ്ങുന്ന വെളുപ്പുപൂക്കൾ. ജാലകക്കാഴ്ചകൾ ആനിയെ ഓർമയുടെ വിളുമ്പുകളിലേക്ക് വലിച്ചിട്ടു.

നിറഞ്ഞൊഴുകുന്ന ആറ്റിൻതീരത്തുകൂടി അനിയത്തിയുടെ കൈപിടിച്ചു സ്കൂളിൽനിന്നു മടങ്ങി വരുന്നത്. അമ്മ ഇറയത്ത് തങ്ങളെ കാത്തുരിപ്പുണ്ടാകും. തല തുവർത്തിത്തരും. നാലുമണിക്കു ചുട്ടുവച്ച ഓട്ടട ഇലയടർത്തിത്തരും. പിന്നെ പെറ്റിക്കോട്ടിട്ട ആനി ഉമ്മറത്തുപോയിനിന്ന് ദൂരെ മരങ്ങൾക്കിടയിൽ മഴപെയ്യുന്നതു കാണും. അപ്പൻ പണികഴിഞ്ഞു വരുന്നതുവരെ തിണ്ണയിലിരുന്ന് മണ്ണെണ്ണ വിളക്കിന്റെ നരച്ച മഞ്ഞവെട്ടത്തിൽ പുസ്തകം വായിക്കും. രാത്രി മെഴുകുതിരികൾക്കു മുന്നിൽ 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' ചൊല്ലുമ്പോൾ പ്രാർഥനയുടെ ആഴങ്ങളിൽ അമ്മയുടെ കണ്ണു നിറയും. അതു കാണുമ്പോൾ തന്റെയും.

ആനിയുടെ കണ്ണു നിറഞ്ഞുവന്നു. നഷ്ടപ്രണയത്തിന്റെ വിഷാദാർദ്രമായ ഓർമകളിൽ നിരാശാഭരിതമായ കാമുകിയെപ്പോലെ മഞ്ഞുപെയ്ത്ത് അവളെ കരച്ചിലിന്റെ വക്കത്തെത്തിച്ചു.

കുന്തിരിക്കത്തിന്റെ മണമായിരുന്നു അമ്മയ്ക്ക്. വെളുത്തു കൊലുന്നനെയുള്ള ഒരു സുന്ദരിക്കുട്ടി. വലംകണ്ണിനു താഴെ ഒരു കാക്കപ്പുള്ളി. അമ്മയായിരുന്നു തനിക്കൊപ്പം എല്ലാത്തിനും; അമ്മയ്ക്കൊപ്പം താനും. രണ്ടു കുഞ്ഞുങ്ങളെ തന്നിട്ട് അമ്മ പോയപ്പോൾ പിന്നെ തനിച്ചായി.

നട്ടുച്ചയ്ക്ക് പറമ്പിൽ പറങ്കിമരത്തിന്റെ തണലിൽ പശുവിന് പുല്ലുപറിക്കുമ്പോഴും അനിയത്തിയുടെ കൈപിടിച്ച് പള്ളിയുടെ പടിക്കെട്ടുകൾ കയറുമ്പോഴും മെഴുകുതിരിക്കു മുമ്പിലെ കണ്ണുനിറഞ്ഞ പ്രാർഥനകളിലും താൻ അമ്മയായി. ചേച്ചിമ്മ എന്നവർ വിളിച്ചുതുടങ്ങിയതും അതാവും.

പുറത്ത് മഞ്ഞ് പെയ്തു തോർന്നിരുന്നു.

ആകാശത്തിൽ വരച്ചുവച്ച ഒരു ചിത്രംപോലെ കൂർത്ത ഇലകൊഴിഞ്ഞ മരച്ചില്ലകളിൽ മഞ്ഞ് പഞ്ഞിക്കൂടാരങ്ങൾ തീർത്തു. വലിയ കട്ടികൂടിയ ഉടുപ്പുകൾക്കുള്ളിൽകയറി ദൂരെ വഴിയിലൂടെ പ്രായമായ രണ്ടുപേർ നടന്നുപോകുന്നതു കണ്ടു. വീട്ടുമുറ്റത്തും പുറത്തേക്കുമുള്ള വഴികളിലൊക്കെ മഞ്ഞ് ചിതറിക്കിടക്കുന്നുണ്ട്. രക്തമുറഞ്ഞു കട്ടിയാകുന്ന തണുപ്പിൽ പുറത്തിറങ്ങി മഞ്ഞുകട്ടകളിലൂടെ നടക്കാൻ തോന്നി ആനിക്ക്.

'ആനീ.... ആനീ...'

മോനിക്ക വിളിക്കുന്നതു കേട്ടു. ആനി പതിയെ ഡൈനിംഗ് റൂമിലേക്കു നടന്നു.

ഡൈനിംഗ് ടേബിളിൽ കുറേ വിഭവങ്ങൾ നിരത്തിവച്ചിട്ടുണ്ട്. മോനിക്ക കപ്പുകളിലേക്കു ചായ പകരുന്നു.

ആനിയെകണ്ട് മോനിക്ക കസേര വലിച്ചിട്ടു.

'കമോൺ ആനീ ഹാവ് സം ടീ' ആന്റിയും വന്ന് ചായ കുടിക്കാനിരുന്നു.

ചായ കുടിക്കുമ്പോഴും സൈമണെ കണ്ടില്ല.

'സൈമൺചേട്ടൻ ചായ കുടിക്കാനും വരില്ലേ?' ആനി മോനിക്കയോടു തിരക്കി.

മോനിക്ക ചിരിച്ചു.

'ഹേ നൊ നൊ. സൈമൺ ടീയും കോഫിയും കുടിക്കാറില്ല. ഇനി ഇങ്ങോട്ടുള്ള വരവ് ഊണു കഴിക്കാൻ മാത്രം. അതുവരെ ഹാർഡ് പ്രാക്ടീസ്. ഞങ്ങൾക്കങ്ങോട്ട് നൊ എൻട്രിയാണ്. പപ്പ ഒഴികെ ആരും പ്രാക്ടീസ് റൂമിൽ പോകാറില്ല.'

ചായ ഊതിക്കുടിച്ചുകൊണ്ട് മോനിക്ക തുടർന്നു. 'പ്രാക്ടീസ് ചെയ്യുമ്പോൾ മറ്റാരെങ്കിലും അവിടെ ചെല്ലുന്നത് സൈമണ് ഇഷ്ടമല്ല. അബദ്ധത്തിൽ അവിടെയെങ്ങാനും ചെന്നുപെട്ടാൽ പിന്നെ പറയേണ്ട. പപ്പ ചെല്ലുന്നതിന് കുഴപ്പമില്ല. പപ്പയാണ് ചിലപ്പോ കോച്ച്.'

ആനി ചായയിലേക്കു കുറച്ചു മധുരംകൂടിയിട്ട് ഇളക്കി. ഏലിയാമ്മ ചായകുടിച്ചിട്ട് സെബിനുള്ള പാലെടുക്കാൻ അടുക്കളയിലേക്കു പോയി.

'ഇങ്ങനെയൊക്കെയാണെങ്കിലും ബെഡ്റൂമിൽ ആളൊരു പാവമാ. ദേർ ആം ദ ചാമ്പ്യൻ.'

സ്വരംതാഴ്ത്തി അല്പം നാണംകലർന്ന കുസൃതിയോടെ മോനിക്ക പറഞ്ഞു.

ആനി ചിരിച്ചു. മോനിക്കയുടെ മുഖം ചുവന്നുതുടുത്തു. ഏലിയാമ്മ പാലുമായി തിരികെവന്നു ചോദിച്ചു.

'അല്ലാ നിങ്ങള് വർത്തമാനം പറഞ്ഞിരിക്കുന്ന കൂട്ടത്തിൽ ഇതൊന്നും കഴിക്കുന്നില്ലേ.'

ഡൈനിംഗ് ടേബിളിലിരുന്ന ഉഴുന്നുവടയും നെയ്യപ്പവുമൊക്കെ അതുപോലെതന്നെയിരിക്കുന്നു.

'ഇതൊക്കെ ഇവിടെ കവറിൽ കിട്ടും. ചൂടാക്കി കഴിച്ചാൽമതി.'

ഏലിയാമ്മ ഒരു നെയ്യപ്പമെടുത്ത് ആനിയുടെ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു.

മോനിക്ക ഏലിയാമ്മയുടെ കൈയിൽനിന്നു പാൽഗ്ലാസ് വാങ്ങി സിബിനരികിലേക്കു നടന്നു. അവന്റെ റിമോട്ട് കൺട്രോൾ കാറ് തീൻമേശയുടെ കാലിലിടിച്ചു മടങ്ങിച്ചെന്നു.

മോനിക്ക സിബിൻ പാലുകുടിക്കാത്തതിൽ ദേഷ്യപ്പെട്ടു മടങ്ങിവന്നു.

'കുട്ടികളെ ചികിത്സിക്കുന്ന ഡോക്ടർക്ക് സ്വന്തം കുഞ്ഞിന് പാലുകൊടുക്കാൻ അറിയില്ല.'

ഏലിയാമ്മ കളിയാക്കി പറഞ്ഞു. മോനിക്കയുടെ കൈയിൽനിന്ന് പാലുവാങ്ങി എഴുന്നേറ്റുപോയി.

മോനിക്കയും ആനിയും ഒരുചിരിയോടെ അതു നോക്കിയിരുന്നു.

മമ്മി പറഞ്ഞത് ശരിയാണെന്ന് മോനിക്ക സമ്മതിച്ചു. അവനെ കഴിപ്പിക്കാനുള്ള വിദ്യകൾ മമ്മിക്കേ അറിയൂ. അമ്മയേക്കാൾ വല്യമ്മച്ചിയോടാണ് അവനുപ്രിയം.

പാലുമായിചെന്ന ഏലിയാമ്മ സെബിനോടൊപ്പമിരുന്നു കളിച്ചു. കളിക്കിടയിൽ അവനെക്കൊണ്ട് പാലുകുടിപ്പിച്ചു.

'എനിക്കു ഹോളിഡേ ആണെങ്കിൽ മാത്രമേ സിബിൻ ഞങ്ങൾക്കൊപ്പം നിൽക്കാറുള്ളൂ. ബേബികെയറിൽ വിടാൻ മമ്മി സമ്മതിക്കില്ല. മമ്മിയുള്ളത് ഒരു റിലീഫ് ആണ് അവന്റെ കാര്യത്തിൽ. മോനെ നോക്കാൻ ഞാൻ ജോലി രാജിവയ്ക്കാമെന്നു പറഞ്ഞതാ. സൈമണും മമ്മീം സമ്മതിച്ചില്ല. ഇത്രയും നാളും റിസർച്ച് ചെയ്തതൊക്കെ വെറുതെയാവില്ലേന്നു പറഞ്ഞ് വഴക്കുപറഞ്ഞു. പിന്നെ, ഞാൻ ജോലികളഞ്ഞ് വീട്ടിലിരുന്നാൽ അവനെ കെയർ ചെയ്യുമ്പോൾ മമ്മിക്കുകിട്ടുന്ന ഹാപ്പിനസ് ഞാനായിട്ട് ഡിസ്ട്രോയ് ചെയ്യുകയില്ലേ.. ദാറ്റീസ് വൈ...'

മോനിക്ക കുലുങ്ങിച്ചിരിച്ചു. കവിളുകളിൽ നേർത്ത നുണക്കുഴി തെളിഞ്ഞു. മോനിക്ക തുടർന്നു.

'പിന്നെ പപ്പയും മമ്മിയുമൊക്കെ പ്രായമായി വരികയല്ലേ. ഇവിടുത്തെപ്പോലെ പപ്പയെയും മമ്മിയേയും ഓൾഡ് കെയർ സെന്ററിൽ കൊണ്ടിടാൻ ഞാൻ സമ്മതിക്കില്ല. അവർക്ക് ഹെൽപ്പ് ആവശ്യമായി വരുമ്പോൾ ഐ വിൽ ഡ്രോപ് മൈ ജോബ്.'

ആനിക്ക് മോനിക്കയോട് ബഹുമാനം തോന്നി. അതു വളരെനല്ല തീരുമാനമാണെന്ന മട്ടിൽ ആനി തലകുലുക്കി. ഭർത്താവിന്റെ അച്ഛനെയും അമ്മയെയും സ്വന്തം പോലെ കാണുന്നു. പാശ്ചാത്യ സംസ്കാരത്തിന്റെ വൃത്തികെട്ട വശങ്ങളൊന്നുമില്ലാത്ത നല്ല പെൺകുട്ടി. അവരുടെ കുടുംബജീവിതം ദൃഢമായി ദീർഘകാലം നിലനിൽക്കട്ടെയെന്ന് ആനി മനസിൽ പ്രാർഥിച്ചു. നരകവാതിലുകൾ തന്നെ പുറത്താക്കിയപ്പോൾ സ്നേഹത്തിന്റെ ശുഭ്രമായ സ്വർഗത്തിലേക്ക് തന്നെ കൈപിടിച്ചു കയറ്റിയ കൈകളാണിവരൊക്കെ. ഇവർക്ക് നല്ലതുമാത്രം ഉണ്ടാകാനുള്ള പ്രാർഥന മാത്രമേ തന്നെക്കൊണ്ടാകൂ. സിബിനെ കൊഞ്ചിച്ചുകൊണ്ട് അവന്റെയടുക്കൽ ഇരുന്ന ഏലിയാമ്മ എഴുന്നേറ്റു. പാൽഗ്ലാസുമായി അടുക്കളയിലേക്കു നടന്നു. ഡൈനിംഗ് ടേബിളിലിരുന്ന ഗ്ലാസുകളും പ്ലെയിറ്റുകളുമെടുത്തുകൊണ്ട് മോനിക്ക പിറകെചെന്നു.

ഏലിയാമ്മ മീൻകറി ഉണ്ടാക്കാനുള്ള തയാറെടുപ്പുതുടങ്ങി.

ഫ്രിഡ്ജിൽനിന്ന് മീനെടുത്ത് പാത്രത്തിലേക്കിട്ടു കഴുകുന്നതുകണ്ട് മോനിക്ക ചോദിച്ചു.

'ക്യാൻ ഐ ഹെൽപ് യു.'

ഏലിയാമ്മ മോനിക്കയെ സൂക്ഷിച്ചു നോക്കി. ഒരു ചെറുചിരിയോടെ ഏലിയാമ്മ പറഞ്ഞു.

'ഇവിടുന്ന് ഒന്നിറങ്ങിത്തന്ന് സഹായിച്ചാൽ മാത്രംമതി. എന്താ ബുദ്ധിമുട്ടുണ്ടോ.'

അടുക്കളയിൽ ജോലിയിൽ സഹായിക്കാൻ ചെന്നാൽ വഴക്കുകിട്ടുമെന്നറിയാമായിരുന്നു. എങ്കിലും ഏലിയാമ്മയുടെ മറുപടിയിൽ മോനിക്ക ചൂളിപ്പോയി. പെട്ടെന്ന് മോനിക്ക കൈകൂപ്പി തമാശയായി പറഞ്ഞു.

'ഞാനങ്ങ് പോയേക്കാം. കിച്ചൻ ഓട്ടോക്രാറ്റ്' ഏലിയാമ്മ ചിരിച്ചു.

മോനിക്ക തിരിഞ്ഞു നടക്കാൻ തുടങ്ങിയപ്പോഴാണ് ആനി അങ്ങോട്ടു ചെന്നത്. മോനിക്ക ആനിയെ തടഞ്ഞു.

'എന്തുണ്ടായി?' ആനി മോനിക്കയെ ഉറ്റുനോക്കി.

'നതിംഗ്. ബട്ട് നൊ അഡ്മിഷൻ നൗ-' മോനിക്ക കൃത്രിമ ഗൗരവത്തിൽ പറഞ്ഞു.

ആനി മോനിക്കയുടെ മുഖത്തേക്കു ചോദ്യഭാവത്തിൽ നോക്കി. ഒരു നാടകത്തിലെ ഡയലോഗുപോലെ അഭിനയിച്ചുകൊണ്ട് മോനിക്ക പറഞ്ഞു.

'എന്റെ മദർ ഇൻ ലോയ്ക്ക് ഒരു ഹെൽപും വേണ്ട. ക്യാൻ ഐ ഹെൽപ് യു എന്നൊന്ന് ചോദിച്ചു. ഉടനെ ഗെറ്റ് ഔട്ട് പറഞ്ഞു. ദാറ്റ്സ് മൈ മദർ ഇൻ ലോ കിച്ചൻ ഓട്ടോക്രാറ്റ്-' കൃത്രിമഭാവത്തോടെ പറഞ്ഞവസാനിപ്പിച്ചു.

മോനിക്കയും ആനിയും പൊട്ടിച്ചിരിച്ചു.

'ഞാൻ കുറെ മലയാളം നോവൽസ് റീഡ് ചെയ്തിട്ടുണ്ട്. അതിലൊക്കെ വേരിയസ് ടൈപ്സ് ഓഫ് മദർ ഇൻ ലോസ് ഉണ്ട്. ഇത് ഏതു ടൈപ്പിൽപ്പെടും ആനീ. ഈ മലയാളീസ് ഇങ്ങനെയാണ് സ്നേഹത്തിന്റെ കാര്യത്തിൽ ഒരു മിസറിയും ഇല്ല. ദേ ഓഫർ എ ചാർജ് സ്കൈ ഓഫ് ലവ്. ഇവിടെ വന്നിട്ടും കേരളത്തിലെപ്പോലെ. ഒരു മാറ്റ

വുമില്ല.' ആനി വീണ്ടും ചിരിച്ചു.

മോനിക്ക ആനിയുടെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു.

'ആനി ചിരിക്കാൻ പറഞ്ഞതല്ല. ഇറ്റ്സ് ട്രൂ.'

'പാവമാ ആന്റി. അടുക്കളയിൽ ജോലി ചെയ്യുമ്പോൾ അവിടെ ആരേം കാണുന്നത് ഇഷ്ടമല്ലെന്നേയുള്ളു. എന്നോടും ഇടയ്ക്കൊക്കെ പറയാറുണ്ട്. അടുക്കളയിൽ നമ്മൾ സഹായിച്ചാൽ ടേസ്റ്റ് കുറയുമെന്നു പറയുന്നതിന്റെ റീസണും പറഞ്ഞുതന്നു ഒരിക്കൽ.'

അതെന്താണെന്ന അർഥത്തിൽ മോനിക്ക ആനിയെ നോക്കി. ഒന്നു നിർത്തിയിട്ടു ആനി തുടർന്നു.

'കിച്ചണിൽ ആഹാരമുണ്ടാക്കുമ്പോൾ ആഹാരം കഴിക്കുന്നവർക്ക് രുചിയും സ്വാദുമൊക്കെ കിട്ടണമെങ്കിൽ അതിൽ ശരിക്കും കോൺസൻട്രേറ്റ് ചെയ്യണം. ഇല്ലെങ്കിൽ ഉപ്പുകൂടും കുറയും. അങ്ങനൊക്കെ വന്നാൽ പഴി മുഴുവൻ ഉണ്ടാക്കുന്നവർക്കല്ലേ. അടുത്താരെങ്കിലും ചെന്നുനിന്നാൽ കോൺസൺട്രേറ്റു പോകുമെന്നാ മമ്മി പറയുന്നേ.' മോനിക്ക ചുമലിളക്കിക്കൊണ്ടു പറഞ്ഞു.

'അതെന്തായാലും മമ്മിയുണ്ടാക്കുന്ന ഫിഷ്കറിയുടെ ടേസ്റ്റ് അതൊന്നു വേറേതന്നെ.'

മോനിക്ക നാവിൽ തുപ്പലിറ്റിച്ചു ശബ്ദമുണ്ടാക്കി തുടർന്നു.

'മമ്മി എപ്പോഴും പറയും ഹസ്ബന്റിനും മക്കൾക്കും നല്ല ഫുഡ് ഉണ്ടാക്കിക്കൊടുക്കുന്നതാണ് സന്തോഷമെന്ന്. വാട്ട് വിൽ ഐ ഡു? എന്റെ തലയിൽ അതൊന്നും കയറില്ല. ഇവിടുത്തെ കൾച്ചർ അങ്ങനെയല്ല. എല്ലാവരും ഭക്ഷണം ഉണ്ടാക്കും, കുട്ടികൾപോലും. അപ്പൊാപ്പിന്നെ പരാതിയുണ്ടാവില്ല.'

ആനി ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

'കേരളത്തിലെ ആണുങ്ങൾ മടിയന്മാരാ.'

'ഇവിടെ അതുപറ്റില്ല. കുട്ടികളൊക്കെ എന്തു ജോലിയും ചെയ്തു പഠിക്കുന്നു. അത്തരത്തിലുള്ള ടീച്ചിംഗും സ്റ്റഡി സിലബസുമാണിവിടെ.' മുകളിൽ എന്തോ താഴെവീഴുന്ന ശബ്ദം കേട്ടു. ആനി ഞെട്ടി. മോനിക്ക നിസംഗയായി നിന്നതേയുള്ളു.

'സൈമണിന്റെ റൂമിൽനിന്നാവും. എന്തെങ്കിലും താഴെ പോയതായിരിക്കും.'

മോനിക്ക ചിരിച്ചുകൊണ്ടു പറഞ്ഞു.

'കംമോൺ ആനി നമുക്കു നോക്കാം.' മടിച്ചുമടിച്ചാണെങ്കിലും ആനി മോനിക്കയ്ക്കൊപ്പം ചെന്നു.

മോനിക്ക സംസാരിച്ചുകൊണ്ടേയിരുന്നു.

'മമ്മീടെ അതേ അസുഖമാണ് മകന്. റ്റു ഹെഡ്സ് ഓഫ് എ കോയ്ൻ- പ്രാക്ടീസ് റൂമിൽ ആർക്കും പ്രവേശനമില്ല. നോ അഡ്മിഷൻ.'

ആനി ചിരിയടക്കിനിന്നു. മോനിക്ക സംസാരം നിർത്തി. ശബ്ദമുണ്ടാക്കരുതെന്നു ചുണ്ടിൽ വിരൽ ചേർത്ത് അറിയിച്ചു. ശബ്ദമുക്കാക്കാതെ നടന്നു. വളരെ അകലെ ഗ്ലാസിനിപ്പുറം നിന്ന് ഒളിഞ്ഞുനോക്കി.

ആദ്യമായി തിരശീലയിൽ ചലച്ചിത്രം കാണുന്ന കുട്ടിയെപ്പോലെ ആനി അതുനോക്കിക്കണ്ടു. ഒരു ഹാളിനുള്ളിൽ ധാരാളം ഉപകരണങ്ങൾ നിരത്തിയിട്ടിരിക്കുന്നു. ഹെൽത്ത് ക്ലബുകളിൽ കാണുന്നതുപോലുള്ളവ.

ആ ഉപകരണങ്ങൾക്കിടയിൽ ഒരു വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യനെപ്പോലെ സൈമൺ കിടന്നുകൊണ്ട് ഭാരം ഉയർത്താൻ ശ്രമിക്കുന്നു. വളരെ ബുദ്ധിമുട്ടി അതുയർത്തി നെറുകയ്ക്കു മീതെ പിടിച്ചു. കൈകൾ ചുഴലിദീനക്കാരന്റേതുപോലെ വിറച്ചു. അതുവളരെ പതുക്കെ നെഞ്ചിനോടമർത്തി വീണ്ടുമുയർത്തി.

ആ കഠിനശ്രമംകണ്ട് ആനിയുടെ നെഞ്ചിൽ ശ്വാസംവിലങ്ങി. ഇതു വല്ലാത്തൊരു യത്നംതന്നെ. പക്ഷെ ഇതിന്റെ പ്രയോജനം ഇവർക്ക് ഇവിടെ കിട്ടുന്നുണ്ട്. ഒരു സിനിമാ താരത്തെപ്പോലെ പ്രശസ്തി. ഒരു മന്ത്രിയെപ്പോലെ ആദരവ്. കഷ്ടപ്പാടുകൾക്കൊടുവിലെ സുഖം. പക്ഷെ, കേരളത്തിലോ? ആനിയുടെ ചിന്തപോയത് ആവഴിക്കാണ്. ഒരു പരിഗണനയും കിട്ടാറില്ല. യൗവനത്തിൽ രാജ്യത്തിന്റെ യശസിനുവേണ്ടി കഷ്ടപ്പെടുന്നു. പുതുതായി ഒരാളെത്തിയാൽ പഴയ ആളെ മറക്കുന്നു. അവർ ചരിത്രത്തിന്റെ പൊടിപിടിച്ച താളുകളിൽ അഭയം തേടുന്നു.

'ആനീ... മോനിക്കാ...'

ഏലിയാമ്മ താഴെനിന്നു വിളിക്കുന്നതുകേട്ടു. ഇങ്ങോട്ടെങ്ങാനുമാണു വന്നതെന്നറിഞ്ഞാൽ മമ്മി വഴക്കുപറയും. മോനിക്ക ശബ്ദമടക്കിപറഞ്ഞു. മാർജാര പാദങ്ങളിൽ അവർ വന്നതുപോലെ താഴേക്കു മടങ്ങി.

ആനിയുടെ മനസുനിറയെ വിജയത്തിലേക്കുള്ള വഴിയിലെ കഷ്ടപ്പാടിന്റെ വിയർപ്പുനിറഞ്ഞ ലോകമായിരുന്നു. ആ രംഗമോർമിക്കുമ്പോഴൊക്കെ അവൾക്കു ശ്വാസം വിലങ്ങുന്നതുപോലെ തോന്നി.

മോനിക്കയും ആനിയും അടുക്കളയിലെക്കെത്തി.

'എവിടെപ്പോയിരുന്നു?'

ഏലിയാമ്മ ചോദിച്ചു.

'ഞങ്ങൾ മുകളിലുണ്ടായിരുന്നാന്റീ-' ആനിയാണു മറുപടി പറഞ്ഞത്.

'എന്താ മമ്മീ' മോനിക്ക ചോദിച്ചു.

'വേർ ഈസ് ചിക്കൻ. വാങ്ങിയില്ലേ.' ഏലിയാമ്മ മോനിക്കയോടു ചോദിച്ചു.

'നൊ മമ്മീ, ബിക്കോസ് ഒഫ് ബേഡ്ഫ്ളു.' ബേഡ്ഫ്ളു ആയതുകൊണ്ട് ചിക്കൻ വാങ്ങിയില്ല.

ഏലിയാമ്മയും അപ്പോഴാണ് ആ കാര്യം ഓർത്തത്. അവരുടെ മുഖം തെളിഞ്ഞു. ആരോടെന്നില്ലാതെ പറ

ഞ്ഞു–

'കോഴിക്കു മാത്രമല്ല, മനുഷ്യൻ വെട്ടിക്കൊന്നു തിന്നുന്ന എല്ലാത്തിനും പനി പിടിക്കണം. മിണ്ടാപ്രാണികളെ കൊന്നുതിന്നുന്നതിന്റെ പണിഷ്മെന്റാണിത്.' മോനിക്ക ഇടയ്ക്കുകയറി.

'മമ്മിക്ക് മീറ്റ് ഇഷ്ടമില്ലെന്നുവച്ച് എല്ലാവരും വെജിറ്റേറിയനാവാൻ പറ്റുമോ?'

ഏലിയാമ്മ മോനിക്കായെ രൂക്ഷമായി നോക്കി.

ആന്റിയെ ദേഷ്യംപിടിപ്പിക്കുന്നതിൽ രസംപിടിച്ച ഒരു കുസൃതിക്കുട്ടിയുടെ മുഖമായിരുന്നു മോനിക്കായ്ക്ക്.

'ആ മിണ്ടാപ്രാണികളും നമ്മളെപ്പോലെ ഈ മണ്ണിൽ വളർന്നതാ. മനുഷ്യനെപ്പോലെ ജീവിക്കാനും അതിനവ കാശമുണ്ട്. കൊന്നുതിന്നാനായി വളർത്തിക്കൊണ്ടു വരുന്ന മൃഗങ്ങളുടെ നാലിലൊന്നു ചിലവില്ല വെജിറ്റേറിയൻ ഫുഡ് ഉണ്ടാക്കാൻ.'

ഏലിയാമ്മ മോനിക്കായ്ക്കു നേരെ തിരിഞ്ഞു.

'മമ്മീടെ മോന്റെ മസിൽസ് സ്ട്രോങ് ആക്കാൻ മീറ്റുതന്നെവേണം.'

മോനിക്ക തിരിച്ചടിച്ചു.

മോനിക്ക തന്നെ ശുണ്ഠിപിടിപ്പിക്കാൻ പറയുന്നതാണെന്ന് ഏലിയാമ്മയ്ക്കറിയാമായിരുന്നു. അവർ മോനിക്കായെ നോക്കി. മോനിക്കായുടെ കണ്ണിൽ ഒരു കുസൃതിചിരി തിളങ്ങി.

ഏലിയാമ്മ വിരൽതുമ്പിൽ പറ്റിയ റ്റൊമാറ്റോ സോസ് മോനിക്കായുടെ കവിളിൽ തൂത്തിട്ടു വാത്സല്യത്തോടെ വിളിച്ചു. '

മോനിക്കാ..'

എന്നെ ദേഷ്യം പിടിപ്പിക്കാനാണ് നീ ഈ വേലത്തരങ്ങളൊക്കെ കാട്ടുന്നതൊക്കെ എനിക്കറിയാം എന്ന ധ്വനി ഉണ്ടായിരുന്നു ആ വിളിക്ക്. മോനിക്ക വിട്ടുകൊടുത്തില്ല.

'അങ്ങനെ വാശിയുള്ളവർ മീറ്റ്‌വച്ചുള്ളതൊന്നും ഉണ്ടാക്കാൻ പാടില്ല. മമ്മി ചിക്കൻ ബിരിയാണി ഉണ്ടാക്കാറില്ലേ–' മോനിക്ക ചോദിച്ചു.

'ബട്ട്, ഞാനത് കഴിക്കാറില്ലല്ലോ. എന്റെ ഹസ്ബന്റിനും മകനും ഇഷ്ടമുള്ളത് ഉണ്ടാക്കിക്കൊടുക്കുക എന്നത് എന്റെ ഡ്യൂട്ടിയാണ്. ഇറ്റ്സ് മൈ ഓൺ അക്കൗണ്ടബിലിറ്റി. അതാണ് കാരണം.'

ഏലിയാമ്മയുടെ ഉത്തരത്തിൽ മോനിക്ക വീണു.

'നോക്കിക്കോ ഒരിക്കൽ എല്ലാവരും വെജിറ്റേറിയൻസ് ആവും. അങ്ങനൊരുകാലം വരും.' ഏലിയാമ്മ പറഞ്ഞു.

'യേസ്.. വരുംവരും' മോനിക്ക ഏലിയാമ്മയെ കളിയാക്കി.

അവർ മൂവരും ഒരു പൊട്ടിച്ചിരിയുടെ പാത്രം തുറന്നിട്ടു.

നെയ്മീൻ കറിയുടെ മണം ഒഴുകിയെത്തി. അത് മൂക്കിലേക്കു വലിച്ചുകയറ്റിക്കൊണ്ട് മോനിക്ക പറഞ്ഞു.

'മമ്മീടെ ഫിഷ്കറിക്ക് ഒരു അവാർഡ് ഡൊണേറ്റ് ചെയ്യും ഞാൻ.' ഏലിയാമ്മ ചിരിച്ചു.

'എനിക്കു നിന്റെ അവാർഡൊന്നും വേണ്ട. വയ്യാതെ ഞാനെവിടെയെങ്കിലും കിടക്കുമ്പോൾ ഇത്തിരി വെള്ളം തന്നാൽ മതി.' മോനിക്ക ഏലിയാമ്മയുടെ കവിളിൽ ഒരു മുത്തം കൊടുത്തു.

'ഓ ഷുവർ മമ്മീ.'

സ്വന്തം അമ്മയും മകളുംപോലെ. രണ്ടു വ്യത്യസ്ത സംസ്കാരത്തിൽനിന്നു വന്നവർ. സ്നേഹത്തിന് ഒരു പോറൽപോലുമേൽക്കാതെ നോക്കുന്നു. മോനിക്കയുടെ പോക്കറ്റിൽ മൊബൈലിലെ കിളി ചിലച്ചു.

'ഹലോ...'

ആരോടോ ഇംഗ്ലീഷിൽ സംസാരിച്ചുകൊണ്ട് മോനിക്ക ഹാളിലേക്കു നടന്നു.

ആനി പുറകെയും. ഹാളിലെത്തിയ ആനിയുടെ കണ്ണുകൾ സ്റ്റെയർ കെയ്സിനു അടുത്തു വച്ചിരിക്കുന്ന ബുക്ക് ഷെൽഫിലേക്കു തിരിഞ്ഞു.

ആനി അതിനടുക്കലേക്കു നടന്നു. പുസ്തകങ്ങൾക്കിടയിൽ പരതി.

മോനിക്കയുടെ മലയാള പഠനത്തിൽ നോവലുകൾ വായിച്ചിരുന്നെന്നു പറഞ്ഞത് ഓർമിച്ചു. രണ്ടുമൂന്നു മലയാള നോവലുകൾകിട്ടി. വായിച്ചിട്ടില്ലാത്തവ. കോളജുകാലത്തെ ലൈബ്രറിയുടെ ഗന്ധം. പഴകിയ എണ്ണമയമുള്ള ഊറാൽ പൊടിയുള്ള പുസ്തകങ്ങൾ. കവിതയുടെയും നോവലുകളുടെയും ലോകം.

മറ്റാരും കാണാതെ നോട്ടുപുസ്തകത്തിന്റെ മഞ്ഞത്താളുകളിൽ താൻ കുറിച്ചിട്ട കവിതകൾ. കഴിഞ്ഞുപോയ കാലത്തെക്കുറിച്ച് പ്രണയാതുരമായി അവൾ വ്യഥപൂണ്ടു.

അത്താഴമുണ്ണാൻ ഡാനിയങ്കിളും ജോസുപപ്പയും ഉണ്ടായിരുന്നു. സെബിൻ ഡാനിയുടെ മടിയിലിരുന്നാണ് ഭക്ഷണം കഴിച്ചത്. സൈമണിന്റെ മുമ്പിൽ നിരന്നിരുന്ന ഭക്ഷണങ്ങൾ ആനി അത്ഭുതത്തോടെ നോക്കികണ്ടു. പല തരം ഇറച്ചികൾ, മുട്ട, മീൻ, പച്ചക്കറികൾ പുഴുങ്ങിയത്, വെള്ളയും മഞ്ഞയും നിറത്തിൽ സൂപ്പുകൾ, ബിയർ കുപ്പികൾ...

ഇതെല്ലാം എങ്ങനെകഴിക്കുമെന്ന് ആനി ആത്ഭുതത്തോടെ ഓർത്തു.

ചിത്രകഥകളിൽ ഭീമന്റെ മുമ്പിൽ നിരത്തിവച്ചിരിക്കുന്നതുപോലെ. ശരാശരി ഒരു മനുഷ്യൻ കഴിക്കുന്നതിന്റെ അഞ്ചിരട്ടി ആഹാരമുണ്ട് മുമ്പിൽ.

മോനിക്ക ഡാനിക്കും സൈമണും ബിയർ ഗ്ലാസിലേക്ക് പകർന്നു.

ബിയർ കൂടുതൽ കുടിച്ച് ശരീരത്തിന്റെ ഭാരം കൂട്ടരുതെന്ന് ഡാനി സൈമണെ ഉപദേശിച്ചു. അങ്കിൾ ആണ് കോച്ച് എന്നു മോനിക്ക പറഞ്ഞത് ആനി ഓർമിച്ചു.

എല്ലാവരും ഭക്ഷണം കഴിച്ചെഴുന്നേറ്റു, സൈമണൊഴിച്ച്. സൈമൺ തന്റെ മുമ്പിലിരുന്ന പാത്രങ്ങൾ കാലിയാക്കിക്കൊണ്ടിരുന്നു. മോനിക്ക അടുത്തിരുന്നു വിളമ്പികൊടുക്കുന്നു.

എല്ലാവരും ടി.വിയുടെ മുമ്പിൽ വന്നിരുന്നു. കുറച്ചുകഴിഞ്ഞ് ജോസ് യാത്രപറഞ്ഞിറങ്ങി. പൊടുന്നനെ എന്തോ ഓർത്തപോലെ ഏലിയാമ്മ ടി.വി. ഓഫ് ചെയ്ത് ജോസിനെ തിരികെ വിളിച്ചു.

ഏലിയാമ്മയുടെ സ്വരത്തിന് പതിവില്ലാത്ത ഗൗരവമുണ്ടായിരുന്നു.

എന്താണ് കാരണമെന്ന് ആർക്കും മനസിലായില്ല.

*(തുടരും.......)*